


ഹായ് കൂട്ടുകാരെ........

എല്ലാവരും ഇന്നലത്തെ മലയാളം ക്ലാസ് കണ്ടില്ലേ ?

ക്ലാസ്സ് ഇഷ്ടായോ ?

ഒന്നുകൂടി ക്ലാസ് കണ്ടാലോ ?താഴെ കൊടുത്ത ചിത്രത്തിൽ ഒന്ന് തൊട്ടു നോക്കൂ.....



മക്കളേ... നമുക്ക് ഒരു വല്ല്യമ്മയുടെ പാട്ടുപാടി നോക്കാം..

പാട്ടുപാടാൻ വല്ല്യമ്മയെ തൊട്ടുനോക്കൂ ......

## പാടാം



വല്ല്യമ്മ വന്നു
വടി കുത്തി വന്നു



വഴിയിൽ ഇരുന്നു
വടയൊന്നു തിന്നു



വട തൊട്ട കാക്കയെ
വടിയെടുത്തടിച്ചു



# വായിക്കാം ,എഴുതാം



എല്ലാവരും പാട്ടുപാടിയല്ലോ ...
ഇനി അതൊന്നു വായിച്ചു

നോക്കൂ. ....
നിങ്ങൾക്ക് പരിചയമുള്ള അക്ഷരങ്ങൾ ചുവന്ന

നിറത്തിൽ കാണുന്നില്ലേ..?ഏതൊക്കെയാണ്?

**വ ,ന്ന**

എങ്കിൽ ഇനി മുകളിൽ കൊടുത്ത ഭാഗം നോട്ട്
ബുക്കിൽ എഴുതി അതിൽ അറിയാവുന്ന

വാക്കുകൾ കണ്ടെത്തി എഴുതൂ.

| വ | ന്ന |
|---|---|
| വന്നു<br>........<br>.........<br>.......... | വന്നു<br>.........<br>..........<br>.......... |

# വരികൾ കൂട്ടിച്ചേർത്തു പാടാം



കാക്ക കരയണ കേട്ടിട്ടുണ്ടോ
ഏതുപോലെ ഏതുപോലെ
കാക്ക കരയണ കേട്ടിട്ടുണ്ട്
ഇതുപോലെ ഇതുപോലെ
കാ...... കാ.......
കാ ........ കാ.......



പൂച്ച കരയണ കേട്ടിട്ടുണ്ടോ
ഏതുപോലെ ഏതുപോലെ
പൂച്ച കരയണ കേട്ടിട്ടുണ്ട്
മ്യാവൂ.......മ്യാവൂ........
മ്യാവൂ.......മ്യാവൂ........

.............................................................

.............................................................

...............................................................





.............................................................

...............................................................

...............................................................

...............................................................

ജീവികളുടെ പേര് പറഞ്ഞ് ശബ്ദമുണ്ടാക്കി കൂടുതൽ വരികൾ കണ്ടെത്തി അയച്ചു തരുമല്ലോ.......

## വാക്കുകൾ കണ്ടെത്താം, വട്ടം വരയ്ക്കാം

**വായിക്കാൻ കഴിയുന്ന വാക്കുകൾക്ക് വട്ടം വരയ്ക്കൂ...**



അരി വേണം



ഒരു പറ നെല്ല്

തരി തരിയായി



നരി കണ്ടു



തറയിൽ തുണി



നല്ല വിരി

നിറയെ പത



മക്കളെ .....ചിത്രം നോക്കിയേ.....

ആരായിരുന്നു?

ഇത് നമ്മുടെ കുഞ്ഞിക്കോഴി ആണല്ലോ.
കുഞ്ഞിക്കോഴി എന്തിനാ കരയുന്നേ?
കുഞ്ഞിക്കോഴിയുടെ അമ്മയെ കാണുന്നില്ല അല്ലേ.... പാവം
കുഞ്ഞിക്കോഴിയുടെ കരച്ചിൽ കേട്ട് ആരൊക്കെ വന്നു?

**തവള വന്നു**
**മുയൽ വന്നു**
**തത്ത വന്നു**
**മൈന വന്നു**
**പശു വന്നു**
**ആട് വന്നു**

ഇവരൊക്കെ എങ്ങനെയാ വന്നത് ?എഴുതി നോക്കൂ.........



തവള വന്നു

തവള ചാടിച്ചാടി വന്നു



മുയൽ വന്നു

മുയൽ.............വന്നു



തത്ത വന്നു

തത്തപറന്നു പറന്നുവന്നു



മൈന വന്നു

മൈന.................... വന്നു



പശു വന്നു

പശു നടന്നു നടന്നുവന്നു



ആട്  വന്നു

ആട് ..................... വന്നു



# ടെക്സ്റ്റ് ബുക്കിലെ (പേജ് 15) പ്രവർത്തനം ചെയ്തു നോക്കാം....




- തവള ചാടിച്ചാടി വന്നു.
- തവള ചാടിച്ചാടി വരുന്നു.
- തവള ചാടിച്ചാടി പോയി.
- മുയൽ ചാടിച്ചാടി വന്നു.
- മുയൽ ചാടിച്ചാടി വരുന്നു.
- മുയൽ ചാടിച്ചാടി പോയി.

**കൂടുതൽ വാക്യങ്ങൾ കണ്ടെത്തി എഴുതൂ.....**